**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് – കുന്നുകര ഗ്രാമപഞ്ചായത്ത് – കുറുപ്പിന്റെ കുളത്തിൽ നിർമ്മിച്ചിട്ടുള്ള പൊതു ശ്മശാനത്തിനായി വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ട 15സ്ഥലം അർജൻസി ക്ലോസിൽ അക്വയർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) 3462/2009/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, ഡിസംബർ 28, 2009.

---

പരാമർശം: 1. സ.ഉ. (സാധാ) നം. 3973/2008/ത.സ്വ.ഭ.വ. തീയതി 12-11-2008.

2. കുന്നുകര ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 28-02-2009-ലെ III (2)-ാം നമ്പർ തീരുമാനം.

3. കുന്നുകര ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 15-10-2009-ലെ 1-ാം നമ്പർ തീരുമാനം.

4. 16-10-2009-ലെ കുന്നുകര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത്.

5. എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 29-07-2009-ാം തീയതിയിലെ സി.2-9907/09 നമ്പരിലും 21-10-2009-ലെ ഡി.1-2639/09-ാം നമ്പരിലുള്ള കത്തും.

## ഉത്തരവ്

കുന്നുകര ഗ്രാമപഞ്ചായത്ത്, കുറുപ്പിന്റെ കുളത്തിൽ നിർമ്മിച്ചിട്ടുള്ള പൊതു ശ്മശാനത്തിന്റെ പ്രവർത്തനത്തിനായി വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ട 15സ്ഥലം പൊന്നും വിലയ്ക്കെടുക്കുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2. എന്നാൽ പ്രസ്തുത അക്വിസിഷൻ അർജൻസി ക്ലോസിൽ നടത്തുന്നതിനുള്ള അനുമതിയാണ് 21-03-2006-ൽ കൂടിയ പഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ച് സർക്കാരിനോട് അപേക്ഷിച്ചതെന്നും പരാമർശം (1)-ലെ ഉത്തരവിൽ കംപൽസറി എന്ന് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ അക്വിസിഷൻ നടപടി നീണ്ടു പോകുന്നുവെന്നും, ഇത് പഞ്ചായത്തിന്റെ അനാസ്ഥയാണെന്ന് കാണിച്ച് പഞ്ചായത്തിൽ നിരന്തര സമരങ്ങളും ഉപരോധങ്ങളും നടന്നു വരികയാണെന്നും ആയതിനാൽ കമ്പൽസറി അക്വിസിഷൻ ഉത്തരവ് നൽകണമെന്നും പരാമർശം (2), (3) എന്നിവ പ്രകാരം തീരുമാനിക്കുകയും, പരാമർശം (4) പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സർക്കാരിനോടഭ്യർത്ഥിക്കുകയും ചെയ്തു.

(മറുപുറം)

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യത്തിൽ കുന്നുകര ഗ്രാമപഞ്ചായത്തിൽ കുറുപ്പിന്റെ കുളത്തിൽ നിർമ്മിച്ചിട്ടുള്ള പൊതു ശ്മശാനത്തിനായി പരാമർശം (1)-ലെ ഉത്തരവിൽ പറഞ്ഞിട്ടുള്ള വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ട 15സ്ഥലം താഴെ പറയുന്ന നിബന്ധനകളുടെ അടിസ്ഥാനത്തിൽ അർജൻസി ക്ലോസിൽ അക്വയർ ചെയ്യുന്നതിന് കുന്നുകര ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. അക്വിസിഷനാവശ്യമായ തുകയുടെ 80% മുൻകൂറായി എറണാകുളം ജില്ലാകളക്ടർ മുമ്പാകെ ഒടുക്കേണ്ടതാണ്.

2. അക്വിസിഷൻ സംബന്ധമായി സർക്കാരിന് യാതൊരുവിധ സാമ്പത്തിക ബാദ്ധ്യതയോ വ്യവഹാരങ്ങളിൽ ബാദ്ധ്യതയോ ഉണ്ടായിരിക്കുന്നതല്ല.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ലതാ പണിക്കർ,**
അണ്ടർ സെക്രട്ടറി.

To

സെക്രട്ടറി, കുന്നുകര ഗ്രാമപഞ്ചായത്ത്, എറണാകുളം..

ജില്ലാ കളക്ടർ, എറണാകുളം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ)/(ആഡിറ്റ്), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(വെബ്സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം;

സെക്ഷൻ ഓഫീസർ.